1. വിസ്മയസഹിതം കബറുപൊളിഞ്ഞു - നരകം വിലപിച്ചു
   പ്രലപിത നാരികളവിടെയണ - ഞ്ഞാ - രാ - ഞ്ഞു
   കർത്തൻ തന്നുടെ ദേഹത്തെ - നീക്കിയോ യൂദർ കബറീന്നും?
   വീരനാം തന്നുത്ഥാന - മതദ്ഭുതമാം

2. ദ്യുതിമയനാം മാലാഖ ക്ഷണം അറിയിച്ചു നാരികളെ
   മശിഹാരാജൻ ഉത്ഥിതനായി - ഇവി - ടില്ല
   പോകുവിൻ അറിയിച്ചിടുവിൻ, ഗ്ലീലയ്ക്കായവൻ പോയെന്ന്
   കാണുമവിടുത്ഥാനത്തിൻ അദ് - ഭുതങ്ങൾ

3. വിമലത നിറയും, നാരികളീ - സദ്വാർത്ത കേട്ടപ്പോൾ
   ശ്ലീഹന്മാരുടെ സവിധമണഞ്ഞോ - തീ - യവർ
   മശിഹാ മരണത്തെ വെന്നു, ബന്ധിതരെയും വിടുവിച്ചു
   ക - ർത്തൃ ദർശനമതിനായി - പോ - യീ - ടുവിൻ

4. ഗലീലി തന്നിൽ മേളിച്ചു - ശ്ലീഹന്മാർ പതിനൊന്നും,
   ഉത്ഥിതമണവാളനെയവരും, കണ്ട - വിടെ
   സൈത്തിൻ പർവതമതിലേറി, വാഴ്ത്തി താനംബരമേറി
   പാറക്കലീത്തായെ - യവർക്കായി താ - നേ - കി.

5. ഗുരുവരനുടെ തിരുമുറിവുകളിൽ - സ്പർശന - ഭാഗ്യത്താൽ
   തോമ്മാശ്ലീഹാ വിശ്വാസം കൈ - ക്കൊണ്ടു
   എൻ കർത്താവെൻ ദൈവം നീ - തലമൊടു താതൻ ഘോഷിച്ചു
   കർത്തൃവേലയ്ക്കാമോദാൽ - പ്രേഷിതനായി

**(ഉയിർപ്പു മുതൽ പെന്തിക്കോസ്തി വരെയുള്ള ദിവസങ്ങളിലെ വി. കുർബ്ബാനയിലും ആരാധനകളിലും ഉപയോഗിക്കാവുന്ന ഒരു ഗീതം. "അൻപുടയോനേ നിൻ വാതിൽ" / "സ്രാപ്പികളെക്കണ്ടേശായ"/ എന്നീ ഗീതങ്ങൾക്കു പകരമായും, കൈമുത്ത് സമയത്തെ ഗീതമായും ഇത് സഭയിലെ ചില ദേവാലയങ്ങളിൽ ഉപയോഗിച്ചു വരുന്നു. സഭയുടെ ഔദ്യോഗിക പ്രസിദ്ധീകരണ വിഭാഗം പ്രസിദ്ധീകരിച്ചിരിക്കുന്ന വി. കുർബ്ബാനക്രമത്തിൽ ഈ ഗാനം ഇല്ല. ഫാ. എം. സി. ചെറിയാൻ (ഇപ്പോഴത്തെ സഖറിയാ മാർ തെയോഫിലോസ് തിരുമേനി) പ്രസിദ്ധീകരിച്ച മംഗ്ലീഷ് കുർബ്ബാനക്രമത്തിലും വിഘടിത വിഭാഗം പ്രസിദ്ധീകരിച്ചു വരുന്ന കുർബ്ബാനക്രമത്തിലും ഈ ഗീതം ഉണ്ട്. വിഘടിത വിഭാഗക്കാർ ഈ ഗീതത്തിലെ ചില വാക്കുകൾക്കു പകരം വേറെ വാക്കുകൾ ചേർത്താണ് കുർബ്ബാനക്രമത്തിൽ ചേർത്തിരിക്കുന്നത്. ഇതോടൊപ്പം കൊടുത്തിരിക്കുന്ന ഓഡിയോ, തോട്ടയ്ക്കാട് മാർ അപ്രേം പള്ളിയിലെ പുതുഞായറാഴ്ചയിലെ വി. കുർബ്ബാനയിൽ പാടിയത് റിക്കോർഡ് ചെയ്തതാണ്. പഴയസമിനാരി ചാപ്പലിൽ കഴിഞ്ഞ വർഷത്തെ ഈസ്റ്ററിന് പാടിയതാണ് മറ്റൊരു ഓഡിയോ. മംഗ്ലീഷ് കുർബ്ബാനക്രമത്തിലില്ലാത്ത ചില വാക്കുകളും വരികളും രണ്ടിലും കേൾക്കാം. ചില വാക്കുകൾ സൗകര്യത്തെപ്രതിയാകാം മാറ്റിയാണ് പാടുന്നതും. ഈ ഗീതം ആര് രചിച്ചതാണെന്നോ, ആര് തർജ്ജമ ചെയ്തതാണെന്നോ അറിയാൻ കഴിഞ്ഞിട്ടില്ല. എന്തെങ്കിലും വിവരങ്ങൾ അറിയാവുന്നവർ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.**

**- ജോയ്സ് തോട്ടയ്ക്കാട്**

1 Vismaya sahitham kabarupoli nju-narakam vilapichu
Pralapitha naarikalavide yana njaa-raa-nju
Karthan thannude dehathe-neekiyo yudar kabareennum?
Veeranam thannudhana-mathalbhuthamaam

2 Dyuthimayanaam maalaakha kshanam ariyichu naarikale
Mesihaa raajan udhithanaayi ivi - dilla
Pokuveen ariyichiduveen, Gleelakkaayavan poyennu
Kaanumavidudhaanathin albhu-thangal.

3 Vimalatha nirayum, naarikalee-sudvaartha kettappol,
Sleehanmaarude savidhamana-njo-thi-yaver
Mesihamaranathe Vennu, bandithareyum viduvichu
Ka-rthru darsana mathinaayi-po-yee-duveen

4 Galeeli thannil melichu-sleehanmaar pathinonnum,
Udhitha manavaal aneyevarum, kanda-vide
Saithin parvatha mathileri, vazhthi thaanambarameri
Paarakkaleethaaye-avarkkaay thaa-ne-ki

5. Guru varanude thiru murivukalil
Sparshana - bhagyathal
Thoma sleeha viswasam - kaiy - konduu
En karthaven daivam nee
Thalamodu thathan ghoshichu
Karthru velackaamodhal - preshithanay.